## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.5590** — **27-03-2018 ൽ മറുപടിയ്ക്ക്**

### കേരളത്തിൽ നിന്ന് ഇത്തവണത്തെ ഹജ്ജ് തീർത്ഥാടനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | **ഡോ.കെ.ടി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) കേരളത്തിൽ നിന്ന് ഇത്തവണ ഹജ്ജ് തീർത്ഥാടനത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) 69783 അപേക്ഷകൾ. |
| ബി) അപേക്ഷകൾ സ്വീകരിക്കുന്ന സമയം കഴിഞ്ഞോ എന്നും എങ്കിൽ ഇനി സമയം നീട്ടിക്കൊടുക്കുമോ എന്നും വ്യക്തമാക്കാമോ; | ബി) ഈ വർഷത്തെ (2018) അപേക്ഷാ സമയം കഴിഞ്ഞു. സമയം നീട്ടുന്നതിൽ തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്രസർക്കാരാണ്. |
| സി) കേരളത്തിന് അനുവദിച്ച ക്വാട്ട എത്രയാണെന്നും പ്രസ്തുത ക്വാട്ട പ്രകാരം അപേക്ഷിച്ച എല്ലാവർക്കും ഹജ്ജ് തീർത്ഥാടനത്തിന് അവസരം ലഭിക്കുമോ എന്നും വ്യക്തമാക്കാമോ; | സി) 2018 ഹജ്ജിന് കേരളത്തിന് അനുവദിച്ച ഹജ്ജ് ക്വാട്ട 10981 ആണ്. അപേക്ഷിച്ച മുഴുവൻ പേർക്കും അവസരം ലഭിക്കുകയില്ല. |
| ഡി) ഈ പ്രാവശ്യത്തെ കേരളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകരുടെ എംബാർക്കേഷൻ പോയിന്റ് എവിടെയാണെന്ന് വ്യക്തമാക്കാമോ; | ഡി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം. |
| ഇ) കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് യാത്രയ്ക്ക് പുറപ്പെടുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്ന നടപടികൾ വിശദീകരിക്കാമോ? | ഇ) കണ്ണൂർ വിമാനത്താവളം എമ്പാർക്കേഷൻ പോയിന്റ് ആക്കുന്ന കാര്യം ഇപ്പോൾ പരിഗണന യിൽ ഇല്ല. |

സെക്ഷൻ ഓഫീസർ